പതിമൂന്നാം കേരള നിയമസഭ
പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ 4597

04.02.2014 ൽ മറുപടിക്ക്

**ഹോട്ടലുകളിലെ വിലനിയന്ത്രണം**

**ചോദ്യം**

ഡോ. കെ. ടി. ജലീൽ:
ശ്രീ. സാജു പോൾ:
„ ബി. ഡി. ദേവസ്സി:
„ ആർ. രാജേഷ്:

നിത്യോപയോഗ സാധനങ്ങളുടെ വിലവർദ്ധനവിന്റെ പേരിൽ ഹോട്ടലുകളിൽ ഭക്ഷണപദാർത്ഥങ്ങൾക്ക് വൻതോതിൽ വില ഈടാക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് നിയന്ത്രിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ?

**ഉത്തരം**

ശ്രീ. അനൂപ് ജേക്കബ്
(ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പു മന്ത്രി)

അവശ്യസാധനങ്ങളുടെ വിലവർദ്ധനവിന് ആനുപാതികമായി ഹോട്ടലുകളിലെ ഭക്ഷണസാധനങ്ങളുടെ വിലയിലും വർദ്ധനവുണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഹോട്ടലുകളിൽ വിൽക്കപ്പെടുന്ന ഭക്ഷണസാധനങ്ങളുടെ വില നിശ്ചയിക്കുന്നതിനോ നിയന്ത്രിക്കുന്നതിനോ ഉള്ള അധികാരം നിലവിൽ വകുപ്പിനില്ല. എന്നാൽ ഹോട്ടലുകളിലെ ഭക്ഷണസാധനങ്ങൾക്ക് അമിതവില ഈടാക്കുന്നത് തടയുവാനായി ഹോട്ടലുകളിൽ വിൽക്കപ്പെടുന്ന ഭക്ഷണസാധനങ്ങളുടെ വില നിലവാരപ്പട്ടിക പ്രദർശിപ്പിക്കുന്നത് 1977 ലെ കേരള ഫുഡ്സ്റ്റഫ് (ഡിസ്പ്ലേ ഓഫ് പ്രൈസസ് ബൈ കാറ്ററിംഗ് എസ്റ്റാബ്ലിഷ്മെന്റ്) ഓർഡർ പ്രകാരം നിർബന്ധമാക്കിയിട്ടുണ്ട്. ഇത് ഉറപ്പാക്കുന്നതിനായി സിവിൽ സപ്ലൈസ് ഉദ്യോഗസ്ഥർ മാത്രമായും പോലീസ്, ആരോഗ്യം, റവന്യൂ, ലീഗൽ മെട്രോളജി, നികുതി വകുപ്പുകളുമായി ചേർന്നും ഹോട്ടലുകളിൽ നിരന്തരം പരിശോധന നടത്തി നിയമലംഘനം നടത്തുന്നവർക്കെതിരെ കർശന നടപടികൾ സ്വീകരിച്ചുവരുന്നു. ഹോട്ടലുകളിലെ നിലവാരവും സൗകര്യവും അനുസരിച്ച് ഹോട്ടലുകളെ തരംതിരിച്ച് ഭക്ഷണത്തിന്റെ വിലനിയന്ത്രിക്കുന്നതിനും ഏകീകരിക്കുന്നതിനുമായി ഒരു നിയമനിർമ്മാണം സർക്കാരിന്റെ സജീവ പരിഗണനയിലാണ്.

സെക്ഷൻ ഓഫീസർ